(എ) മദ്യത്തിന്റെയും ലഹരി വസ്തുക്കളുടെയും ഉപയോഗം കൊണ്ടുണ്ടാകുന്ന വിപത്തുകൾ സംബന്ധിച്ച് പ്രതിപാദിക്കുന്ന ഏറ്റവും നല്ല ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്ന സ്കൂൾ-കോളേജ് മാഗസിനുകൾക്ക് പ്രത്യേക അവാർഡ് ഏർപ്പെടുത്തുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് എക്സൈസ് വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഇതിലേക്കായി ഒരു വിദഗ്ധ കമ്മിറ്റി രൂപീകരിച്ച് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സ്കൂൾ തലത്തിൽ 1298 ലഹരിവിരുദ്ധ ക്ലബ്ബുകളും കോളേജ് തലത്തിൽ 165 ലഹരിവിരുദ്ധ ക്ലബ്ബുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വിദ്യാർത്ഥികൾക്കിടയിൽ സ്കൂൾതലങ്ങളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുമായും കോളേജ് തലത്തിൽ നാഷണൽ സർവ്വീസ് സ്കീമുമായും സഹകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ലഹരി വിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി എസ്.സി.ഇ.ആർ.ടി.യുടെ ശിപാർശ പ്രകാരം സ്കൂൾ കരിക്കുലം കമ്മിറ്റി തീരുമാനം അനുസരിച്ച് 2014-15 അദ്ധ്യയന വർഷത്തിൽ 1, 3, 5, 7, 11 എന്നീ ക്ലാസ്സുകളിൽ നടപ്പിലാക്കിയിട്ടുണ്ട്. 2015-16 അദ്ധ്യയന വർഷത്തിൽ 2, 4, 6, 8 എന്നീ ക്ലാസ്സുകളിലും 2016-17 അദ്ധ്യയന വർഷം 9, 10 ക്ലാസ്സുകളിലും ലഹരിവിരുദ്ധ ആശയങ്ങൾ സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മദ്യം - വൈൻ ഉല്പാദനം

95 (96) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യനയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ഡിസ്റ്റിലറികൾ ഏതെങ്കിലും അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രതിവർഷം ആവശ്യമായ മദ്യത്തിന്റെയും വൈനിന്റെയും എത്ര ശതമാനം ഉല്പാദിപ്പിക്കുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികൾ എത്ര; ആരുടെയെല്ലാം ഉടമസ്ഥതതയിലാണവ പ്രവർത്തിക്കുന്നത്; ഇവയിൽ എത്ര എണ്ണം ഓരോ വർഷവും അടച്ചുപൂട്ടാനുദ്ദേശിക്കുന്നു ;

(ഡി) സംസ്ഥാനത്ത് വൈൻ ഉല്പാദിപ്പിക്കാൻ ലൈസൻസുള്ളവർ ആരൊക്കെ; പ്രതിവർഷം എല്ലാം കൂടി ഉല്പാദിപ്പിക്കുന്ന വൈൻ എത്ര ; വിശദമാക്കാമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ കേരളത്തിൽ വിറ്റഴിച്ച വിദേശ മദ്യത്തിന്റെ 97%-ഉം, ബിയറിന്റെ 71%-ഉം കേരളത്തിലെ ഡിസ്റ്റിലറികളിൽ നിന്നും ബ്രുവറികളിൽ നിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്. വൈൻ പൂർണ്ണമായും സംസ്ഥാനത്തിനു പുറത്തുനിന്നുമാണ് വിതരണം നടത്തിയിട്ടുള്ളത്.

(സി) സംസ്ഥാനത്ത് നിലവിൽ 11 ഡിസ്റ്റിലറികളും 8 ബ്ലൻഡിംഗ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ഡി) സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിൽ വൈൻ ഉല്പാദിപ്പിക്കാൻ കേരള വൈനറി ചട്ടം അനുസരിച്ച് ആർക്കും ലൈസൻസ് നൽകിയിട്ടില്ല.*

പുതിയ മദ്യനയം

96 (97) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ മദ്യനയം നിലവിൽ വന്നതിനുശേഷം മദ്യ ഉപഭോഗത്തിൽ കുറവ് വന്നിട്ടുണ്ടോ ; കണക്കുകൾ വ്യക്തമാക്കാമോ ;

(ബി). വ്യാജമദ്യം തടയുന്നതിനുവേണ്ടി എന്തെല്ലാം ക്രമീകരണങ്ങളാണ് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തെ മദ്യനയം, 2014 ആഗസ്റ്റ് മാസം അവസാനത്തോടുകൂടി പ്രഖ്യാപിച്ചതിനുശേഷം, 2014 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ വിദേശ മദ്യ വില്പനയിൽ 2013-ലെ ഇതേ മാസങ്ങളിലെ വില്പനയേക്കാൾ കുറവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly